(ബി) ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കേണ്ടതായിട്ടുണ്ടെന്നും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

(എ&ബി) വർക്കല മണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇരിക്കൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ

202(508) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തീകരിക്കാനുള്ളത്, പൂർത്തീകരിച്ചത്, പദ്ധതി തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ജലസേചന വകുപ്പിനു കീഴിൽ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷനുകൾ മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തീകരിക്കാനുള്ളത്, പൂർത്തീകരിച്ചത്, പദ്ധതി തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ്

203(509) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും വരൾച്ചയും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ് ഇല്ലാത്തത് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഷൊർണൂർ സബ് ഡിവിഷനെ ആശ്രയിക്കേണ്ടി വരുന്നതുമൂലം അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികൾ വൈകുന്നത് കർഷകർക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് പട്ടാമ്പിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഇല്ല. ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പട്ടാമ്പിയിൽ ചെറുകിട ജലസേചനവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു സെക്ഷൻ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സെക്ഷന്റെ പരിധിയിൽ പട്ടാമ്പി മുനിസിപ്പാലിറ്റി, കോപ്പം പഞ്ചായത്ത്, മുതുകുർ പഞ്ചായത്ത്, പരുത്തൂർ പഞ്ചായത്ത്, വിളയൂർ പഞ്ചായത്ത്, തിരുവേഗപ്പുര പഞ്ചായത്ത് എന്നിവയാണ്. ചെറുകിട ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഈ സെക്ഷന് കീഴിൽ സുഗമമായി നടന്നു വരുന്നതിനാൽ ഒരു പുതിയ സബ് ഡിവിഷൻ ഓഫീസ് രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

204(510) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാംഗ്ഷൻഡ് പോസ്റ്റ് എത്രയെന്നും ആയതിൽ ഡിഗ്രി ക്വാട്ടയിൽ നേരിട്ട് നിയമനം നടത്തുന്നത് എത്രയെന്നും ഇതിൽ നിലവിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും അറിയിക്കാമോ?

അനുവദിച്ച പോസ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 617, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 49, ഡിഗ്രി ക്വാട്ടയിൽ നേരിട്ടുള്ള നിയമനം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 370, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 29 ഒഴിവുകൾ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 9, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 2.

(ബി) ഡിപ്ലോമ ക്വാട്ടയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ പ്രൊമോഷൻ മുഖേനയുള്ള സാംഗ്ഷൻഡ് അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റുകൾ എത്രയെന്നും ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അറിയിക്കാമോ?